# HELP FOUNDATION SPECIAL REPORT

# സുനാമി ബാധിതർക്കുവേണ്ടിയുള്ള പുനരധിവാസ ഭവനനിർമ്മാണ പദ്ധതി– ഒരു നേർക്കാഴ്ച

Special Report

HELP FOUNDATION

August 2013


*Prepared by:*
*Jesmis J. Kavunthanam*

*Photos:*
*Mahesh S. Ambelil*

*Site Visited & Guided by:*
*Arch Bald*
*Mayyanad Panchayat*
*Ward Member*
*Lesley George*
*Mayyanad Panchayat*
*Ward Member*
*Janet Joy*
*Resident & Association*
*Secretary*
*Tsunami Housing Colony*
*Thanny*

*HELP Foundation Team:*
*Prof. Peter Pradeep*
*Mahesh S. Ambelil*
*Jesmis J Kavunthanam*

Human Empowerment & Livelihood Promotion Foundation
Umayanalloor P.O.
Kollam-691589
Tel. +91-474-255-6414
Mob: +91-9656-33-4444
help.foundation@rocketmail.com
www.helpfoundatin.in


## കൊല്ലം തീരവും തീരദേശവാസികളും അഭിമുഖീകരിക്കുന്ന കടലാക്രമണ ഭീഷണിയും കുടിയൊഴിപ്പിക്കലും

തങ്കശ്ശേരി തുറമുഖപദ്ധതിയുടെ നിർദ്ദിഷ്ട സ്ഥാനം അവഗണിച്ച് അശാസ്ത്രീയമായി നിർമ്മിച്ചതിൻെറ ഫലമായി കൊല്ലം ജില്ലയുടെ തെക്കുപടിഞ്ഞാറൻ തീരദേശം നിരന്തരമായ കടലാക്രമണത്തിനു വിധേയമായിക്കൊണ്ടിരിക്കുന്നു. ഇരവിപുരം, താന്നി, കാക്കത്തോപ്പ്, മുക്കം പ്രദേശങ്ങളിലുള്ള ഒട്ടേറെ വീടുകൾ ഇതിനോടകം കടലാക്രമണത്തിൽ തകരുകയും തീരം കടൽകവരുകയും ചെയ്യുകയുണ്ടായി. പരവൂരിനെ കൊല്ലം നഗരവുമായി ബന്ധിപ്പിച്ചിരുന്ന, അനേകം കുടുംബങ്ങൾക്ക് ആശ്വാസമായിരുന്ന തീരദേശറോഡ് പലഭാഗത്തായി തകർന്നതിനാൽ വർഷങ്ങളായി ഗതാഗതയോഗ്യമല്ല. മുക്കം പൊഴി അശാസ്ത്രീയമായി മൂടിയതിനാൽ ഈ റോഡിനെ മുറിച്ച് താൽക്കാലികമായി സ്ഥാനം മാറി പൊഴി നിർമ്മിക്കുകയും ചെയ്യേണ്ടിവന്നു.



ഇപ്രകാരം ദീർഘവീക്ഷണമില്ലാത്ത പദ്ധതികൾ മാറിമാറിവന്ന സർക്കാരുകളും ബന്ധപ്പെട്ട വകുപ്പുകളും താൽക്കാലിക നേട്ടത്തിനും സ്ഥാപിത താൽപര്യങ്ങൾക്കും വഴങ്ങി നടത്തിക്കൊണ്ടിരിക്കുന്നതിനാൽ കൊല്ലം നഗരത്തിൻെറ സുസ്ഥിരവികസനവും നഗരാസൂത്രണവും ഒരു പ്രഹേളികയായിമാറുകയും നമ്മെ ദശാബ്ദങ്ങൾ പിന്നിലേക്ക് കൊണ്ടുപൊയ്ക്കൊണ്ടുമിരിക്കുന്നു. മലയിടിച്ച് മണ്ണെടുക്കലും പാറപൊട്ടിക്കലും വൻവ്യവസായമാവുകയും എല്ലാരംഗത്തുമുള്ളവർ അതിൻെറ ഭാഗം പറ്റുന്നവരുമായതിനാൽ തീരദേശത്ത് കടൽഭിത്തി നിർമ്മിക്കുന്നത് സാദ്ധ്യതകളുടെ വ്യവസായമായി മാറി. ഒരുഭാഗത്ത് കുന്നും മലകളും നശിക്കുകയും സഹ്യപർവതം വരെ നാശോന്മുഖമാവുകയും ചെയ്യുമ്പോൾ മറുഭാഗത്ത് കടൽത്തീരം കേവലം പാറക്കെട്ടുകളായി മാറുകയും ചെയ്യുന്നു. എന്നാൽ ഇതും ഒരു ശാശ്വത പരിഹാരമാവുന്നില്ല. “ഫിഷിംഗ് ഗ്യാപ്പുകളും ” പാറക്കെട്ടുകളും കടലെടുക്കുകയും തീരം വീണ്ടും വീണ്ടും ഇല്ലാതാവുകയും ചെയ്യുന്നത് നിരന്തരമായ ഒരു കാഴ്ചയായി മാറി.

തലമുറകളായി മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന, മലയാളിയുടെ ഇഷ്ടവിഭവമായ മത്സ്യം രാസപ്രക്രിയയിലൂടെ ദീർഘനാൾ സൂക്ഷിച്ചുവയ്ക്കാതെ പിടിച്ച ഉടനേതന്നെ ശുദ്ധമായി എത്തിച്ചുകൊടുത്തിരുന്ന പരമ്പരാഗതമത്സ്യത്തൊഴിലാളികൾക്ക് കടൽത്തീരം നഷ്ടമാവുകയും കൂടാതെ

## കൊല്ലം  തീരവും തീരദേശവാസികളും അഭിമുഖീകരിക്കുന്ന കടലാക്രമണ ഭീഷണിയും കുടിയൊഴിപ്പിക്കലും

*തുടർച്ച*

തൊഴിലും തൊഴിലുപകരണങ്ങളും മത്സ്യബന്ധന യാനങ്ങളും– കട്ടമരങ്ങളും വള്ളവും വലയും തൊഴിലുപകരണങ്ങൾ സൂക്ഷിക്കുന്ന പണ്ടകശാലകളും നശിക്കുകയും സ്വന്തം ഭവനങ്ങൾപോലും എന്നെന്നേക്കുമയി നഷ്ടപ്പെടുകയും ചെയ്യുന്നു. കാലാവസ്ഥാവ്യതിയാനത്തിൻെറയും ഹരിതഗൃഹവാതകങ്ങളുടെയും ധ്രുവപ്രദേശങ്ങളിലെ മഞ്ഞുരുകലിൻെറയും പേരുപറഞ്ഞ് പരിണതപ്രജ്ഞരെന്നു മേനിനടിക്കുന്ന അധികാരിവർഗ്ഗം സ്വന്തം വീഴ്ചകൾ മൂടിവയ്ക്കുന്നു. ടൂറിസം വികസനത്തിൻെറ പേരിൽ താന്നി മുതൽ പരവൂർ പൊഴിക്കര വരെയുള്ള കടൽത്തീരം ബീച്ചായി പ്രഖ്യാപിക്കപ്പെട്ടിട്ട് വർഷങ്ങളായി. ഭൂമികച്ചവടക്കാരുടെയും ടൂറിസം ലോബിയുടെയും എക്കാലത്തെയും



കണ്ണിലെക്കരടാണ് 'അപരിഷ്കൃതർ എന്നും സംസ്കരമില്ലത്തവർ എന്നും മുദ്രകുത്തപ്പെട്ട' ഈ പാവപ്പെട്ട പരമ്പരാഗത മത്സ്യത്തൊഴിലാളികൾ. അവരുടെ ഭൂമി എന്തുവിധേനയും തട്ടിയെടുത്ത് വിനോദസഞ്ചാരത്തിൻെറ രമ്യഹർമ്യങ്ങൾ പടുത്തുയർത്തുവാൻ പണവുമയി കറങ്ങിനടക്കുന്നു ഇടനിലക്കാർ. ഒരു പാവപ്പെട്ടവനു വീടുവയ്ക്കുവാൻ തീരദേശസംരക്ഷണ നിയമം തടസ്സമാവുമ്പോൾ പഞ്ചനക്ഷത്ര ഹോട്ടലുകളുടെ നിർമ്മിതിക്ക് എല്ലാ നിയമങ്ങളും വഴങ്ങിക്കൊടുക്കുന്നു.

സുനാമിയെന്ന മഹാലക്ഷ്മി ഒരു ഭാഗ്യദേവതയായി പ്രത്യക്ഷപ്പെട്ട നാൾമുതൽ ചാകരക്കൊയ്ത്തുനടത്തിയ ഒരുകൂട്ടം ആളുകൾ അധികാരത്തിൻെറ ഇടനാഴികളിൽ  ചോരകുടിക്കുന്ന രക്ഷസുകളായി നിരന്തരം കറങ്ങിനടക്കുന്നു. കടലാക്രമണം ഒരു അവസരമാക്കി



യെടുത്ത് തീരദേശവാസികളെ മനുഷ്യാവകാശത്തിൻെറ സകല സീമകളും ലംഘിച്ച് ഒരു നഗരമാലിന്യം പോലെ വലിച്ചെറിയുകയും കടലും കാറ്റും പ്രകൃതിയുടെ വ്യതിയാനങ്ങളും നിരീക്ഷിച്ച് വലയെറിഞ്ഞിരുന്നവരെ തീരത്തുനിന്നും അകറ്റി മൂന്നരകിലോമീറ്റർ അകലെ ഒരു കോളനി നിർമ്മിച്ച് നാടുകടത്തുകയുമാണ് അക്ഷരാർത്ഥത്തിൽ ഇവിടെ ചെയ്തിരിക്കുന്നത്.  അതിനു മുൻകയ്യെടുത്ത കോർപ്പറേഷൻ കൗൺസിലർമാർ ഇവർക്കിന്നും ദൈവതുല്യരാണ്. സേവനത്തിൻെറ ആൾരൂപമാണ്. ഇവരറിയുന്നില്ല ഇവരുടെ വോട്ട് നേടി വിജയിച്ചുവന്നവർ ഇവരെ എന്നെന്നേക്കുമായി ഇവിടേക്ക് നടതള്ളിയതാണെന്ന്. ആരെങ്കിലും ഇതിനെ വിമർശിച്ചാൽ അവർ ഈ ജനത്തെ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിനു തടസംനിൽക്കുന്നവരാണെന്ന് മുദ്രകുത്തപ്പെടുന്നു.



## *പദ്ധതിയുടെ യഥാർത്ഥ ഗുണഭോക്താവായ പരമ്പരഗത മത്സ്യത്തൊഴിലാളി ആരാണ്? അവൻെറ ആവശ്യങ്ങൾ എന്തൊക്കെയാണ്?*

മത്സ്യബന്ധനം ഉപജീവനമാക്കിയ, തലമുറകളായി ഈ തൊഴിലിൽ ഏർപ്പെട്ടിരുന്ന ഒരു അടിസ്ഥാനസമൂഹമാണ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ. കടലിനോടും പ്രതികൂല കാലാവസ്ഥയോടും നിരന്തരം പടവെട്ടി അന്നന്നേക്കുവേണ്ട അന്നം തേടുന്നവർ. വറുതിയുടെ നാളുകളും സമൃദ്ധിയുടെ നാളുകളും ഒരുപോലെ കാണുവാൻ പരിചയിച്ചവർ. ഒരു തിരമാലയ്ക്ക് കവർന്നെടുക്കുവാൻ കഴിയുംവിധം ഒന്നും തന്നെ നാളേയ്ക്കായി കരുതിവയ്ക്കാത്തവർ. ഒരു തോണിയും ഒരു തുഴയും ഒരു വലയുമുണ്ടെങ്കിൽ കടലിനെ കീഴടക്കി ചാകരയുമായി തീരത്തണയുന്നവർ.



ഒരു മത്സ്യത്തൊഴിലാളിയുടെ ഒരുദിവസം രാവിലേ മൂന്നുമണിക്ക് ആരംഭിക്കുന്നു. വെറും കൈയോടെ വീട്ടിൽ/കുടിയിൽനിന്നിറങ്ങുന്ന ഇവർ കൂടത്തിൽ/പണ്ടകശാലയിൽ സൂക്ഷിച്ചിരിക്കുന്ന വലയും തുഴയുമായി തീരത്ത് കെട്ടിയിട്ടിരിക്കുന്ന തോണിയിലോ ചാളത്തടിയിലോ കയറി കടൽത്തിരകളെ കീറിമുറിച്ച് അന്നത്തെ പണിക്കിറങ്ങുന്നു. സാഹസികത ഇഷ്ടപ്പെടുന്ന അവനു കടൽ ഒരു ലഹരിയാണ്, വെല്ലുവിളിയാണ്, എല്ലാം തരുന്ന കടലമ്മയാണ്. പൊള്ളുന്ന വെയിലും കടലിൻെറ കുളിർമയും ഒരേപോലെ അനുഭവിച്ചാണ് ഓരോ തുഴയും എറിഞ്ഞ് അവൻ മുന്നേറുന്നത്. വലനിറയേ മീൻ കിട്ടുമ്പോൾ തുടികൊട്ടുന്ന ഹൃദയവുമായും ഒന്നുമില്ലാതെ വരുമ്പോൾ ഹതാശനായും അവൻ തീരമണയുന്നു. മീൻ പിടിക്കുന്നതുപോലെതന്നെ പ്രയാസമുള്ള ജോലിയാണ് വലയിൽനിന്നും അവയെ വേർപെടുത്തുന്നത്. പിന്നെ വിറ്റഴിക്കുന്നത്.. പലപ്പോഴും ഈ ജോലി "കുടിയിലെ പെണ്ണുങ്ങൾ" ഏറ്റെടുക്കുന്നു.

(ഒരുകാലത്ത് കുട്ടയിൽ മീൻ ചുമന്ന് വിറ്റഴിച്ചിരുന്ന ഇവർ ദിവസം മുഴുവനും ഈ ദുർഗന്ധവും പേറി കഴിയേണ്ടിവന്നിരുന്നു. അർപ്പണമനോഭാവവും ധിഷണയും ഒത്തുചേർന്ന സാമൂഹ്യപ്രവർത്തകർ മുൻ കൈയെടുത്ത് (ക്വയിലോൺ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മുൻ കാല പ്രവർത്തകരും ആദ്യകാല ഡയറക്ടർമാരും) ചോർന്നൊലിക്കുന്ന കുട്ടയ്ക്കുപകരം ചോരാത്ത അലുമിനിയം പാത്രങ്ങൾ നൽകി ഇവരെ ദുർഗന്ധത്തിൽനിന്നും ഒരു "സോഷ്യൽ സ്റ്റിഗ്മ" യിൽനിന്നും മോചിപ്പിച്ചിരുന്നു.)

ഇങ്ങനെ നാളെയുടെ ആകുലതകൾ അലട്ടാത്ത ഒരു ജീവിതരീതി ശീലമാക്കിയവരായിരുന്നു ഇക്കൂട്ടർ. ഇങ്ങനെ ജീവിച്ച ഇവരുടെ, സ്വാതന്ത്ര്യത്തിൻെറ ശുദ്ധവായു ശ്വസിച്ച് ജീവിച്ച ഈ സമൂഹത്തിൻെറ ഉന്നമനത്തിന് എന്ന പേരിലാണ് ഇവരുടെ സമുദായത്തിലെ ഒട്ടുമിക്ക വിദ്യാലയങ്ങളും കലാലയങ്ങളും ആശുപത്രികളും ആരാധനാലയങ്ങളും കെട്ടിപ്പൊക്കിയിട്ടുള്ളത്. എന്നാൽ ഇവരുടെ കുഞ്ഞുങ്ങൾക്ക് പലപ്പോഴും ഈ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുക ദുഷ്ക്കരമായിരുന്നു. കൈപിടിച്ചുയർത്തിയിരുന്നെങ്കിൽ സമൂഹത്തിൻെറ മുഖ്യധാരയിലേക്കെത്തുമായിരുന്ന ഇവരെ ഇന്നും പാർശ്വവൽക്കരിക്കപ്പെട്ട ഒരു സമൂഹമായാണ്, വിഭാഗമായാണ് കരുതുന്നത്. മറിച്ച് തെളിയിക്കാൻ ഇക്കൂട്ടർക്ക് സംഘബലമോ നേതൃബലമോ പലപ്പോഴും ഉണ്ടാവാറില്ല. എങ്കിലും അരമനകളിലെ വിലപേശലുകളിൽ ഇവരുടെ വോട്ട് എണ്ണം പറഞ്ഞ വിൽപ്പനച്ചരക്കാവാറുണ്ട്...അന്നും ഇന്നും എന്നും.

ഇങ്ങനെയൊക്കെയാണെങ്കിലും കടലമ്മ കാത്തുപാലിച്ച ഇവർക്ക് പരിമിതമായ ആവശ്യങ്ങളേ പലപ്പോഴും ഉണ്ടാവാറുള്ളൂ. വീടൊന്നു കെട്ടി മേയുക, സൗജന്യമായി ലഭിക്കാവുന്ന വൈദ്യുതി കാലതാമസമില്ലാതെ ലഭ്യമാക്കുക, ആവശ്യത്തിനു കുടിവെള്ളം എത്തിക്കുക, താമസസ്ഥലത്തിൻെറ കൈവശാവകാശം ലഭിക്കുക, തലമുറകളായി താമസിക്കുന്ന സ്ഥലത്തുനിന്ന് ഒഴിഞ്ഞുപോകുവാനായി അധികാരികൾ സമ്മർദ്ദം ചെലുത്താതിരിക്കുക തുടങ്ങിയവ.

# സുനാമി പുനരധിവാസ ഭവനപദ്ധതി എന്ത്?
# ഇതിൽ അഞ്ചു പദ്ധതികൾ മയ്യനാട് വന്നതെങ്ങനെ?

ലോകസമൂഹം സുനാമിമൂലം ഭവനരഹിതരായവർക്ക്, തൊഴിൽരഹിതരായവർക്ക്, ദുരവസ്ഥയിൽ കഴിയുന്നവർക്ക് കനിവോടെ നൽകിയ പണം ഏറ്റവും മഹത്തരമായ സേവനമനോഭാവത്തോടെ ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്നവർക്കായി ഏറ്റവും സൂക്ഷ്മതയോടെ നൽകുവാനേൽപ്പിച്ച ഈ പണം ഒരുപക്ഷേ വിനിയോഗിക്കപ്പെട്ടത് ഏറ്റവും ഉദാസീനതയോടെയും കെടുകാര്യസ്ഥതയോടെയും പലവിധത്തിലുമുള്ള അഴിമതിക്കു കളമൊരുക്കിക്കൊണ്ടുമാണ്. ഇപ്രകാരം ചെലവഴിക്കപ്പെട്ട പണം യാതൊരുവിധമായ സോഷ്യൽ ഓഡിറ്റിനും വിധേയമാക്കപ്പെട്ടതായി അറിവില്ല. പക്ഷേ സമർപ്പിക്കപ്പെട്ട കണക്കുകൾ പരിശോധിച്ചാൽ ചെലവഴിക്കപ്പെട്ട ഓരോ രൂപയ്ക്കും കൃത്യമായ കണക്കുകൾ കണ്ടു എന്നുവരാം. കുഴിമാടത്തിനു വെള്ളപൂശുന്നവർ എല്ലാക്കാലത്തും എല്ലായിടങ്ങളിലും ഉണ്ടാവാറുണ്ടല്ലോ.

ദാനംകിട്ടിയ പശുവിന്റെ വായിൽ പല്ലെത്രയുണ്ടെന്ന് ആരും എണ്ണിനോക്കാറില്ല എന്ന പഴമൊഴി



അധികാരത്തിന്റെ ഇടനാഴികളിലെ വീതംവയ്പ്പുകാർക്ക് നന്നായി അറിയുന്നതാണ്. ദാരിദ്ര്യത്തിന്റേയും ദുരിതത്തിന്റെയും പകർച്ചവ്യാധികളുടെയും പിടിയിൽപ്പെട്ടുകഴിയുന്ന, അനുദിനം




ശോചനീയമായിക്കൊണ്ടിരിക്കുന്ന, എല്ലാം അനുഭവിക്കാൻ വിധിക്കപ്പെട്ട ഒരുസമൂഹത്തിന്റെ പ്രതികരണശേഷി ആർക്കും ഊഹിക്കാവുന്നതേയുള്ളൂ. മയ്യനാട് പഞ്ചായത്തിൽ അഞ്ച് സുനാമി കോളനികളാണ് പുതുതായി നിർമ്മിച്ചിട്ടുള്ളത്. അധികമായി വന്നുചേരുന്ന ഒരു ജനസമൂഹത്തിനെ അധിവസിപ്പിക്കുവാനുള്ള വാഹക ശേഷി ഈ പഞ്ചായത്തിനുണ്ടോ എന്ന് ശാസ്ത്രീയമായ ഒരു പഠനവും നടത്താതെയാണ ഇത്രയധികം കുടുംബങ്ങളെ ഇവിടേക്ക് പറിച്ചുനടുന്നത്. വളരെ ഏളുപ്പത്തിൽ കണ്ടെത്താവുന്ന സ്ഥലവും പ്രകൃതിയെ, ഭൂമിയെ വിൽപ്പന ച്ചരക്കാക്കിയ ഒരുപറ്റം ഭൂമാഫിയകളുടെ ഇടനിലക്കാരുടെ താൽപ്പര്യങ്ങളും മാത്രമാണ് ഇങ്ങനെ ഒരു തീരുമാനത്തിനു പിന്നിൽ ഉള്ളത്. ഒരു പഞ്ചായത്തിനു ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഭൗതിക പശ്ചാത്തലവും വികസിപ്പിക്കാതെ കേവലം നിർമ്മാണ പ്രവർത്തനം മാത്രമാണ് ഇവിടെ നടത്തിയിട്ടുള്ളത്.

# താന്നി സുനാമി പുനരധിവാസ ഭവനങ്ങളിലെ ഒരു നേർക്കാഴ്ച

**കെട്ടിട സമുച്ചയം:** ഏകദേശം നാലരയേക്കർ ഭൂമിയിൽ കെട്ടിയുയർത്തിയ, 35 ബ്ലോക്കുകളിലായി 280 വീടുകളാണ് ഇവിടെയുള്ളത്. പദ്ധതി പൂർത്തീകരിച്ച് യഥാവിധി പൂർത്തീകരണത്തിൻെറ സാക്ഷ്യപത്രം നൽകിയശേഷം ഗവണ്മെൻറിനു താക്കോൽ കൈമാറേണ്ടതുണ്ട്. എന്നാൽ അതുണ്ടാവുന്നതിനു മുൻപ് ഇരവിപുരം ഭാഗത്തുണ്ടായ കടലാക്രമണം മൂലം വീടുനഷ്ടപ്പെട്ടവർക്ക് ഒരു താൽക്കാലികാശ്വാസവും അടിയന്തിര പുനരധിവാസവും എന്ന നിലയ്ക്കാണ് 64 കുടുംബങ്ങളെ ഇവിടെ താമസിപ്പിച്ചത്.



**അപ്പാർട്ട്മെൻറുകൾ:** രണ്ട് കിടപ്പുമുറികളും (8X8) ഒരു അടുക്കളയും (6X8) ഒരു ടോയ് ലെറ്റും(6X6) ഒരു സ്വീകരണമുറിയും (12X8+2X6) അടങ്ങുന്നതാണ് ഒരു അപ്പാർട്ട്മെൻറ്. കാർപ്പെറ്റ് ഏരിയ 316 സ്ക്വയർ ഫീറ്റ്.

കതക്, ജനാല, കട്ടിള മുതലായവ തീരെ നിലവാരം കുറഞ്ഞ തടിയുപയോഗിച്ച് നിർമ്മിച്ചിരിക്കുന്നു. സിമൻറ് തറ ചിലഭാഗങ്ങളിൽ പൊട്ടിപ്പൊളിഞ്ഞിരിക്കുന്നു. പക്ഷേ പുറമേ നിന്നു കണ്ടാൽ കെട്ടിട നിർമ്മാണം പൊതുവേ മോശമെന്നു പറയാനാവില്ല. കൺസീൽ ചെയ്യാത്ത വയറിങ് ഇതിനോടകം നശിച്ചുതുടങ്ങിയിരിക്കുന്നു. പലയിടത്തും ബൾബുകൾ അടിക്കടി ഫ്യൂസാവുന്നു. നിലവാരംകുറഞ്ഞ നിർമ്മാണവസ്തുക്കളാണ് ഉപയോഗിച്ചിരിക്കുന്നത് എന്നതിനാൽ ശേഷിച്ചവ എത്രകാലംകൂടി നിലനിൽക്കുമെന്ന് പറയാനാവില്ല. നിർമ്മാണത്തിന് ആവശ്യമായ മണ്ണ് ഇവിടുന്ന് തന്നെ കുഴിച്ചെടുത്തതാണെന്ന് പരിസരവാസികൾ പറയുന്നു. കൂടാതെ ഇപ്പൊഴും ഇവിടെനിന്ന് മണ്ണ് കടത്താറുണ്ടത്രേ.



**ഗാർഹിക മാലിന്യ നിർമ്മാർജനം:** ഗാർഹിക മാലിന്യങ്ങൾ നിർമ്മാർജനം ചെയ്യുവാനുള്ള സൗകര്യത്തിൻെറ അപര്യാപ്തത മൂലം ഇവ വലിച്ചെറിയപ്പെടുകയോ എവിടെയെങ്കിലും കുമിഞ്ഞുകൂടുകയോ ചെയ്യുന്നു. ഭക്ഷ്യാവശിഷ്ടങ്ങൾ കുമിഞ്ഞ് കൂടുന്നതിനാൽ തെരുവുനായ്ക്കളുടെ ശല്യം ദിനംപ്രതി കൂടിവരുന്നു. നായ്ക്കളെപ്പേടിച്ച് സന്ധ്യയായാൽ ആർക്കും പുറത്തിറങ്ങാനാവാത്ത അവസ്ഥയാണിവിടെ.

**അടുക്കളമാലിന്യ നിർമ്മാർജനം:** അടുക്കളയിൽ നിന്നും കുളിമുറിയിൽനിന്നുമുള്ള വെള്ളം നാലു തൊടികളുള്ള ഒരു ടാങ്കിൽ വന്നു വീഴുന്നു. ഇത് നാലുവീടുകൾക്ക് ഒന്ന് എന്നകണക്കിലാണ്



നിർമ്മിച്ചിരിക്കുന്നത്. പരവൂർകായലിനോടു ചേർന്നു കിടക്കുന്ന കേവലം രണ്ടരയടി താഴ്ചയിൽ വെള്ളം ഉള്ള ഈ പ്രദേശത്ത് ഇത്തരം ടാങ്കുകൾ പ്രായോഗികമല്ല. ഇത് വളരെവേഗം നിറഞ്ഞൊഴുകുന്നു.
കെട്ടിക്കിടക്കുന്നവെള്ളത്തിൽ പുഴുക്കൾ വളരുന്നു.

**കുടിവെള്ളം:** ഇവിടെയുള്ളവർക്കാവശ്യമുള്ള വെള്ളം സംഭരിക്കുന്നത് ഇവിടെത്തന്നെയുള്ള കുഴൽക്കിണറിൽനിന്നാണ്. ഇവിടെ കെട്ടിനിന്ന് താഴുന്ന മലിനജലം ഈ ഭൂഗർഭജലത്തിൽ കലരുവാനുള്ള സാധ്യത ഇവരെ ആശങ്കപ്പെടുത്തുന്നു.

**അടുക്കള:** ചെറിയ അടുക്കളയിൽ ഗ്യാസടുപ്പ് മാത്രമേ ഉപയോഗിക്കുവാനാവൂ. ഇവിടെയുള്ള ഭൂരിപക്ഷം ആളുകൾക്കും ഗ്യാസ് കണക്ഷനില്ല. വീടിനുവെളിയിൽ അടുപ്പുകൂട്ടിയാണ് പലരും പാചകം നടത്തുന്നത്. രണ്ടാം നിലയിൽ താമസിക്കുന്നവർക്ക് ഇത് കൂടുതൽ ബുദ്ധിമുട്ടാണ്. ഒരു കഞ്ഞിപ്പുരയുണ്ടായിരുന്നെങ്കിൽ എന്ന് ആശിച്ചുപോവുകയാണ് ഇവിടെയുള്ള വീട്ടമ്മമാർ.

**കക്കൂസ്:** ഏറ്റവും ശോചനീയമായ അവസ്ഥയുള്ളത് മലിനജലവും അടുക്കള മാലിന്യവും നിർമ്മാർജനം ചെയ്യുന്നതിലും കക്കൂസ്മാലിന്യം സംസ്കരിക്കുന്നതിലുമാണ്. കക്കൂസ്മാലിന്യം സംസ്കരിക്കുന്നതിനായി ശുചിത്വം ഉറപ്പുവരുത്തുന്ന സെപ്റ്റിക്ക് ടാങ്കിനു പകരം ഇവിടെ ഉപയോഗിച്ചിരിക്കുന്നത് കേവലം രണ്ടടി വീതിയും അഞ്ചടി നീളവും നാലടി താഴ്ചയുമുള്ള ഒരു ചെറിയ ടാങ്കുമാത്രമാണ്. 280 കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന ഇവിടെ ഇത്തരം സാനിറ്റേഷൻ സൗകര്യം തീർത്തും അശാസ്ത്രീയമാണ്.

**കക്കൂസ് മാലിന്യ നിക്ഷേപം:** എട്ടുവീടുകൾക്കായി ഇങ്ങനെയുള്ള ഒരു ടാങ്ക് മാത്രമാണുള്ളത്. അതുകൊണ്ട് ഇത് നിറയുവാൻ കേവലം ഒരുമാസം പോലും



വേണ്ടിവരുന്നില്ല. ഇത് കോരിമാറ്റുവാൻ വരുന്ന ടാങ്കർലോറിക്ക് നാലായിരം രൂപയാണ ചെലവ്. ഇത് താങ്ങുവാൻ ഇവിടെ താമസിക്കുന്നവർക്ക് കഴിയുന്നില്ല. ഈ കോരിമാറ്റുന്ന മാലിന്യം ദേശീയപാതയുടെ പലഭാഗത്തും അസമയങ്ങളിൽ നിക്ഷേപിക്കുകയാണ് പതിവ്. ഇത് പൊതുസമൂഹത്തിനുപോലും വലിയ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. മഴക്കാലത്തും, കോരിമാറ്റാൻ ആളില്ലാതെവരുമ്പോഴും കൈയിൽ പണമില്ലാതെവരുമ്പോഴും ഈ ടാങ്കുകൾ നിർഞ്ഞുകവിയുന്നു. കക്കൂസ് മാലിന്യം തുറസ്സായ സ്ഥലത്തേക്ക് ഒഴുകിപ്പരക്കുന്നു. പരിസരമാകെ ദുർഗന്ധപൂരിതമാവുന്നു. ഈച്ചയും കൊതുകും പെരുകുന്നു. പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നു. ഇത് സമീപവാസികൾക്കുപോലും ഭീഷണിയാകുന്നു.

## താന്നി സുനാമി പുനരധിവാസ ഭവനങ്ങളിലെ ഒരു നേർക്കാഴ്ച

*തുടർച്ച*

വീടുകൾക്കുള്ളിൽപ്പോലും ഇരിക്കുവാനോ ഭക്ഷണം പാചകം ചെയ്യുവാനോ കഴിക്കുവാനോ കഴിയാതെവരുന്നു.



**ചുറ്റുമതിലും സുരക്ഷയും:** സുനാമി പദ്ധതികൾക്കെല്ലാം ചുറ്റുമതിലും ഗേറ്റും നിർബന്ധമായും ഉണ്ടാവണമെന്നിരിക്കേ മൂന്നുവശവും തുറന്നുകിടക്കുന്ന ഇവിടെ ഒഴിഞ്ഞുകിടക്കുന്ന വീടുകൾ രാത്രികാലങ്ങളിൽ സാമൂഹ്യവിരുദ്ധരുടെ താവളമായി മാറുന്നു, രാത്രിയിൽ പലവാഹനങ്ങളും ഇവിടെ വന്നുപോകാറുണ്ട്. ഇതൊന്നും കണ്ടില്ലെന്നു നടിക്കുവാനേ ഇവിടെയുള്ളവർക്ക് കഴിയുന്നുള്ളൂ.

**സാമൂഹ്യമായ ഒറ്റപ്പെടൽ:** ശോച്യാവസ്ഥയിലുള്ള ഭൗതിക സാഹചര്യങ്ങളും പുതിയ സ്ഥലത്തേക്കുള്ള പറിച്ചുനടലും തൊഴിലും വരുമാനവും ഇല്ലാതായതും രോഗങ്ങളും ഇവരെ സമീപവാസികളിൽനിന്ന് അകറ്റുന്നു. ഇത് ഇവരെ സമൂഹത്തിലേക്ക് ഇറങ്ങിച്ചെല്ലുന്നതിൽനിന്ന് പിന്തിരിപ്പിക്കുന്നു. സാമൂഹ്യമായ ഒരു വിവേചനത്തിന് ഇവർ ഇരയാവുന്നു

**സർക്കാർ സംവിധാനങ്ങളുടെ ഏകോപനമില്ലായ്മ:** ഇവർക്കാവശ്യമുള്ള പല ഔദ്യോഗിക രേഖകളും ലഭ്യമാക്കുന്നതിൽ പഞ്ചായത്തും ജില്ലാ ഭരണകൂടവും രണ്ട് തട്ടിലാണ്. പദ്ധതി പൂർത്തീകരിക്കാതെയും അസൗകര്യങ്ങളോടെയും ജനങ്ങളെ ഇവിടെ താമസിപ്പിച്ച് ബാക്കി സൗകര്യങ്ങൾ പഞ്ചായത്ത് നൽകണമെന്ന ജില്ലാഭരണകൂടത്തിൻെറ ആവശ്യം പഞ്ചായത്തിനും താമസക്കാർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നു



ഇവിടെയുള്ളവരെല്ലാം ഇന്നിപ്പോൾ ഒരേസ്വരത്തിൽ പറയുന്നു തങ്ങൾ ഉപേക്ഷിച്ചുവന്ന കുടിലുകൾ യഥാർത്ഥത്തിൽ സ്വർഗമായിരുന്നു എന്ന്.

# സർക്കാർ സംവിധാനങ്ങൾ ചെയ്യേണ്ടത്

അന്താരാഷ്ട്ര സമൂഹത്തിനു മുന്നിൽ നമ്മുടെ രാജ്യവും നമ്മുടെ സർക്കാരും തലകുനിക്കേണ്ടി വരുന്ന ഒരു അവസ്ഥയാണ് പദ്ധതി നടത്തിപ്പിലെ വീഴ്ചമൂലം സംജാതമായിരിക്കുന്നത്. ഇനിയും ഈ അവഗണന നമ്മുടെ തീരദേശത്തു താമസിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളോടും അവരുടെ കുടുംബങ്ങളോടും തുടരാതിരിക്കുവാൻ നമ്മുടെ സർക്കാർ സംവിധാനങ്ങൾ ഉണർന്നു പ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇതൊരു മനുഷ്യാവകാശ ലംഘനമാണെന്നു തിരിച്ചറിഞ്ഞ് ഭരണകൂടത്തിൻെറ എല്ലാ അധികാരങ്ങളോടും ഉപയോഗിച്ച് പ്രശ്നങ്ങൾക്ക് ഒരു പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു. ഇതിനെതിരേ ഒറ്റപ്പെട്ട ശബ്ദങ്ങൾ ഉയർന്നുവന്നാൽ സുനാമി ഉണ്ടായി ഇക്കാലമത്രയും നിങ്ങൾ ഉറങ്ങുകയായിരുന്നോ എന്ന മറുചോദ്യം കൊണ്ട് വായടപ്പിക്കാൻ ശ്രമിക്കാതെ ഇത് നമ്മുടെ സമൂഹത്തിൻെറ പ്രശ്നമാണ്, പൊതുജങ്ങളും സർക്കാരും കോടതിയും സമൂഹത്തിൻെറ ഭാഗമാണ് എന്ന ഉത്തമബോധ്യത്തോടെ ഉത്തരവാദിത്തത്തോടെ ഇതിനു പരിഹാരം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

**ജില്ലാകളക്ടർ ചെയ്യേണ്ടത്:** ജില്ലാകളക്ടർ ചെയർമാനയ ഒരു സമിതിക്കാണ് സുനാമി പദ്ധതികളുടെ പൂർണ്ണ ചുമതല.

- എക്സ്പ്പൊസ്ഡ് ഇവാല്യൂഷൻ നടന്നിട്ടില്ലാത്തതിനാൽ കൺകറണ്ട് ഓഡിറ്റിനു നിർദ്ദേശം കൊടുക്കണം.
- സോഷ്യൽ ഓഡിറ്റിനു വിധേയമാക്കുവാനുള്ള എല്ലാ അധികാരവും കലക്ടർക്കുള്ളതിനാൽ അതിനായി കമ്മിറ്റി ഉണ്ടാക്കണം.
- പദ്ധതിയുടെ പുരോഗതി കലക്ടർ നേരിട്ട് കണ്ട് വിലയിരുത്തണം. തുടർനടപടികൾക്കായി എ.ഡി.എം. നെയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയോ ചുമതലപ്പെടുത്തണം.
- അന്തർദ്ദേശീയ സമൂഹം യുണൈറ്റഡ് നേഷൻ വഴി നൽകിയ ഈ പണം അന്തർദ്ദേശീയ നിലവാരത്തിൽ പൂർത്തീകരിക്കപ്പെടെണ്ടതാണ്. അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷനും ടെക്നിക്കൽ സാംഗ്ഷനും ലഭിച്ചിട്ടുള്ള ഈ പദ്ധതിയുടെ നടത്തിപ്പിലും പൂർത്തീകരണത്തിലും എന്തെങ്കിലും വീഴ്ചകൾ വരുത്തിയിട്ടുണ്ടെങ്കിൽ അതിനു കാരണക്കരായവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരണം

**കൊല്ലം തഹസിൽദാർ ചെയ്യേണ്ടത്:**

- സുനാമി കോളനിയുടെ നിർമ്മാണം ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. ഇതു പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിച്ചു എന്ന് ഉറപ്പുവരുത്തുക.
- ടോയ്ലറ്റ് സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. നിറഞ്ഞുകവിയുന്ന മാലിന്യം വലിയ തുക കൊടുത്ത് കോളനി നിവാസികൾക്ക് അനധികൃത ഏജൻസികളക്കൊണ്ട് വൃത്തിയാക്കിക്കേണ്ടി വരുന്നു. ഇത് എന്തുകൊണ്ട് സംഭവിച്ചു എന്ന് പരിശോധിക്കുക.
- ഇങ്ങനെ വരുന്ന ചെലവുകൾ താമസക്കാർക്ക് ബാധ്യതയാവാതെ വേണ്ട നടപടികൾ കൈക്കൊള്ളുക.
- ഇതുകൂടാതെ കക്കൂസ് മാലിന്യം വൃത്തിയാക്കേണ്ടിവരുന്നുവെങ്കിൽ സ്വന്തമായി ട്രീറ്റ്മെൻറ് പ്ലാൻറും ലൈസൻസും ഉള്ള അംഗീകൃത ഏജൻസികളെ മാത്രം ചുമതലപ്പെടുത്തുക.

**മയ്യനാട് ഗ്രാമപഞ്ചായത് ചെയ്യേണ്ടത്:**

- സുനാമി ഭവന പദ്ധതിയിൽ നിർമ്മിച്ച വീടുകളുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിച്ചതിനു ശേഷം മാത്രമേ

# സർക്കാർ സംവിധാനങ്ങൾ ചെയ്യേണ്ടത്

*തുടർച്ച*

വീടുകൾക്ക് നമ്പർ അനുവദിക്കാവൂ.

- മയ്യനാട് പഞ്ചായത്തിൽ അഞ്ച് സുനാമി കോളനിക ളാണ പുതുതായി നിർമ്മിച്ചിട്ടുള്ളത്. അധികമായി വന്നുചേരുന്ന ഒരു ജനസമൂഹത്തിനെ അധിവസിപ്പിക്കുവാനുള്ള വാഹക ശേഷി ഈ പഞ്ചായത്തിനുണ്ടോ എന്ന് ശാസ്ത്രീയമായി പഠനം നടത്തുക. അതില്ല എങ്കിൽ അതിനാവശ്യമായ ഭൗതിക പശ്ചാത്തലവും അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കുക. അതിനാവശ്യമായ ഫണ്ട് കണ്ടെത്തുക. അതിനുശേഷം മാത്രം ഇനിയുള്ള അപ്പാർട്ട്മെൻറുകളിൽ പുതുതായി താമസക്കാരെ അനുവദിക്കുക.
- കോളനിയിൽ സുരക്ഷയ്ക്കും ക്രമസമാധാനത്തിനും വേണ്ട മുൻകരുതലുകൾ എടുക്കുക.
- സാമൂഹ്യാധിഷ്ഠിതമായ സുരക്ഷാസംവിധാനം റവന്യൂ വകുപ്പ്, ജില്ലാ പോലീസ് സൂപ്രണ്ട്, ജുവനൈൽ ജസ്റ്റിസ് ബോർഡ് എന്നിവരുമായി ഏകോപിപ്പിച്ച് നടപ്പിൽ വരുത്തുക.
- കോളനി ക്രിമിനലുകളുടെ വിഹാരകേന്ദ്രമായി മാറുവാൻ ഇടനൽകാതിരിക്കുക

**ലീഗൽ സർവ്വീസ് അഥോറിറ്റി ചെയ്യേണ്ടത്:**

- ഈ പദ്ധതിയുടെ മറവിൽ നടത്തിയ എല്ലാ ഫണ്ടിൻെറ ദുർവിനിയോഗവും ശരിയായ രീതിയിൽ അന്വേഷിക്കുകയും നിയമനടപടികൾക്ക് സഹായം നൽകുകയും ചെയ്യുക.
- പൂർത്തീകരിക്കാത്ത കെട്ടിടങ്ങളിലേക്ക് ആളുകളെ താമസിപ്പിച്ചതിൽ എന്തെങ്കിലും മനുഷ്യാവകാശ ലംഘനവും നടന്നിട്ടുണ്ടോ എന്നു പരിശോധിക്കുക
- ഒരു സാമൂഹ്യ പ്രതിബദ്ധതയുള്ള പദ്ധതിയായി സ്വമേധയാ ഏറ്റെടുത്ത് തെളിവുകളും നിയമവശങ്ങ ളും കണ്ടെത്തി മാതൃകാപരമായ ഒരു മുന്നേറ്റം നടത്തുക

**ജില്ലാ ശുചിത്വമിഷൻ ചെയ്യേണ്ടത്:**

വെർമികമ്പോസ്റ്റ് പദ്ധതിയിലൂടെ മാലിന്യസംസ്കരണം ഉറപ്പുവരുത്തുക. ഇത് ഉപയോഗിക്കുവാനുള്ള പരിശീലനം നൽകുക

**ആരോഗ്യവകുപ്പ് ചെയ്യേണ്ടത്:**

പകർച്ചവ്യാധികൾക്കെതിരേ അവബോധപരിപാടി അടിയന്തിരമായി നടത്തുക. ക്ഷയരോഗികൾ ഉണ്ടോ എന്ന് പരിശോധനനടത്തി ഇല്ല എന്ന് ഉറപ്പുവരുത്തുക. മദ്യപനികളെ കണ്ടെത്തി ആവശ്യമെങ്കിൽ ഡിഅഡിക്ഷൻ ചികിത്സ നൽകുക

**പാർലമെൻറ് അംഗം ചെയ്യേണ്ടത്:** പദ്ധതി പ്രദേശം അടിയന്തിരമായി സന്ദർശിക്കുക. താമസക്കാരുടെ ആശങ്ക അകറ്റുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക

കേരളസർക്കാർ
റവന്യൂ വകുപ്പ്
താലൂക്ക് ആഫീസ്, കൊല്ലം

# സുനാമി പുനരധിവാസ പദ്ധതി
# വീടിനുള്ള അനുവാദ പത്രിക

ഫയൽ നമ്പർ : സി4 - 1145 / 2009 തീയതി: 12/9/2011

**HELP FOUNDATION**

umayanalloor P.O.
Kollam
PIN :691589
Kerala

Phone: +91 474 255 6414
Call Center : +91 9656 99 4444
E-mail: help.foundation@rocketmail.com

SAVE the EARTH

കേരള സർക്കാരിന്റെ സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി കൊല്ലം താലൂക്കിൽ, മയ്യനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 26-ൽ റീസർവ്വെ നമ്പർ 51/6-1, 51/9-1, 51/9-2, 51/16, 51/16-1, 51/17-1, 51/17-2, 51/18, 51/18-1, 51/18-2, 51/19, 51/19-4, 51/19-5 എന്നിവയിൽപ്പെട്ട സർക്കാർവക സ്ഥലത്ത് നിർമ്മിച്ച 280 വീടുകൾ ഉൾപ്പെടുന്ന മയ്യനാട് - താന്നിമുക്ക് പാർപ്പിട സമുച്ചയത്തിൽപ്പെട്ട ഒരു വീട് താങ്കളുടെ കുടുംബത്തിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചു നൽകിക്കൊണ്ട് ഉത്തരവാകുന്നു. മുദ്രപത്രത്തിൽ എഗ്രിമെന്റ് ഒപ്പുവച്ച് അനുവദിക്കപ്പെട്ടിട്ടുള്ള വീടിന്റെ താക്കോൽ ഏറ്റുവാങ്ങേണ്ടതാണ്.

## നിബന്ധനകൾ

1. അനുവദിച്ചു തന്നിട്ടുള്ള വീട് താങ്കൾക്കും കുടുംബാംഗങ്ങൾക്കും സന്തതിപരമ്പരകൾക്കും താമസിക്കുന്നതിനുമാത്രം കൈവശം വച്ച് ഉപയോഗിക്കാവുന്നതാണ്.
2. വീട് യാതൊരു കാരണവശാലും കൈമാറ്റം ചെയ്യുവാൻ പാടില്ല.
3. താങ്കൾക്കും കുടുംബത്തിനും പ്രസ്തുത വീട് താമസിക്കുവാൻ ആവശ്യമില്ലാതെ വരുന്ന പക്ഷം സർക്കാരിലേക്ക് തിരിച്ചേൽപ്പിക്കേണ്ടതാണ്.
4. തെറ്റായതോ സത്യവിരുദ്ധമായതോആയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് വീട് അനുവദിച്ചു കിട്ടിയതെന്ന് ഏതെങ്കിലും അവസരത്തിൽ ബന്ധപ്പെട്ട അധികാരികൾക്ക് ബോധ്യപ്പെട്ടാൽ താങ്കളെയും കുടുംബത്തെയും ഈ വീട്ടിൽ നിന്നും ഒഴിപ്പിക്കുന്നതായിരിക്കും.
5. വീട്ടിലേക്ക് വൈദ്യുതി / കുടിവെള്ള കണക്ഷനുകൾക്ക് താങ്കൾ ബന്ധപ്പെട്ട ഏജൻസി / വകുപ്പ് അധികൃതർമുമ്പാകെ ആവശ്യമായ രേഖകൾ സമർപ്പിച്ച് സ്വന്തം ചിലവിൽ ലഭ്യമാക്കേണ്ടതും വൈദ്യുതി ചാർജ്ജും വെള്ളക്കരവും മറ്റ് നികുതികളും താങ്കൾ സ്വന്തം നിലയിൽ കൃത്യമായി അടയ്ക്കേണ്ടതുമാണ്.

TALUK OFFICE KOLLAM

ജില്ലാ കളക്ടറുടെ ഉത്തരവിൻ പ്രകാരം

തഹസിൽദാർ, കൊല്ലം